**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1860** **05.02.2019-ൽ മറുപടിയ്ക്ക്**

# ആർ.ടി. ഓഫീസുകളുടെ നവീകരണം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.ടി. വി. ഇബ്രാഹിം</td><td colspan="2">ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.</td></tr>
<tr><td>(ബി)</td><td>ആർ.ടി.ഒ./സബ് ആർ.ടി. ഓഫീസുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;</td><td>(ബി)</td><td>ആർ.ടി.ഒ/സബ് ആർ.ടി ഓഫീസുകളുടെ കാലഹരണപ്പെട്ടതും/നന്നാക്കാൻ പറ്റാത്തതുമായ ഉപകരണങ്ങൾ മാറ്റി വാങ്ങുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ ആർ.ടി/സബ് ആർ.ടി ഓഫീസുകൾ സ്ഥലലഭ്യത അനുസരിച്ച് നവീകരിച്ച് വരുന്നു.</td></tr>
<tr><td>(സി)</td><td>കൊണ്ടോട്ടിയിൽ പുതിയ സബ് ആർ.ടി. ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;</td><td rowspan="2">(സി)<br>&<br>(ഡി)</td><td rowspan="2">കൊണ്ടോട്ടിയിൽ പുതിയ സബ് ആർ.ടി ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.</td></tr>
<tr><td>(ഡി)</td><td>ഇല്ലെങ്കിൽ, ഒരു താലൂക്ക് കേന്ദ്രമായിട്ടും കൊണ്ടോട്ടിയിൽ പ്രസ്തുത ഓഫീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ